പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1548 14.06.2013-ൽ മറുപടിയ്ക്ക്

## അങ്ങാടിപ്പുറം പഞ്ചായത്തിന് പുതിയ വാഹനം വാങ്ങാൻ നടപടി

| ചോദ്യം<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അങ്ങാടിപ്പുറം പഞ്ചായത്തിന്റെ പഴയ ഓഫീസ് വാഹനത്തിന് പകരം പുതിയ ഓഫീസ് വാഹനം വാങ്ങിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) & (ബി) | അങ്ങാടിപ്പുറം പഞ്ചായത്തിന്റെ നിലവിൽ ഉപയോഗത്തിലിരിക്കുന്ന പഴയ ജീപ്പ് പഞ്ചായത്തിൽ തന്നെ നിലനിർത്തിക്കൊണ്ട് ഒരു പുതിയ വാഹനം വാങ്ങുന്നതിനുള്ള അനുമതിക്കാണ് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നത്. ടി അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |
| (ബി) | എങ്കിൽ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ ; | | |
| (സി) | ഇല്ലെങ്കിൽ 15 വർഷത്തിലധികം പഴക്കമുള്ളതും, കണ്ടംചെയ്തു വിൽക്കാൻ അനുമതി ലഭിച്ചതുമായ വാഹനത്തിന് പകരം പുതിയ വാഹനം വാങ്ങുന്നതിന് അങ്ങാടിപ്പുറം പഞ്ചായത്തിന് അനുമതി നൽകുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ ? | (സി) | വാഹനം കണ്ടം ചെയ്യുവാൻ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ 31.03.2006-ലെ സ.ഉ (എം.എസ്)86/06/തസ്വഭവ നമ്പർ ഉത്തരവിലെ വ്യവസ്ഥയ്ക്കു വിധേയമായി അനുമതി കൂടാതെ തന്നെ പുതിയ വാഹനം പഞ്ചായത്തിന് വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരിഷ്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്

സ.ഉ.(എം.എസ്.)നം.86/06/തസ്വഭവ തീയതി, തിരുവനന്തപുരം, 31.03.2006

പരാമർശം:- സ.ഉ. (എം.എസ്)നം.169/03/തസ്വഭവ തീയതി 27.05.2003.

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശത്തിലെ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിരുന്നു. എന്നാൽ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടും ഇത് സംബന്ധിച്ച് കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും ധാരാളം അപേക്ഷകൾ സർക്കാരിന് ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

ചുവടെ കൊടുത്തിരിക്കുന്ന ആവശ്യങ്ങൾക്ക് വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല.

i. സ്വന്തമായി വാഹനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ പുതുതായി ഒരു വാഹനം വാങ്ങുന്നതിന്.

ii. എല്ലാതലങ്ങളിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ മാറ്റി പകരം പുതിയവാഹനങ്ങൾ വാങ്ങുന്നതിന്; എന്നാൽ പഴയവാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ പുതിയവാഹനം വാങ്ങാൻ പാടുള്ളൂ.

iii. ഖരമാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കും ഖരമാലിന്യങ്ങൾ ശേഖരിക്കുന്നിടത്തു നിന്നും സംസ്ക്കരണ സ്ഥലങ്ങളിലേക്ക് കയറ്റിക്കൊണ്ട് പോകുന്നതിന് പ്രത്യേകം രൂപകല്പന ചെയ്തിട്ടുള്ള വാഹനങ്ങൾ വാങ്ങുന്നതിന്.

ഇപ്രകാരം വാഹനങ്ങൾ വാങ്ങുന്നതിന് പദ്ധതിവിഹിതം, പൊതുആവശ്യഗ്രാന്റ്, തനത് ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്. എന്നാൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ മാത്രമേ വാഹനങ്ങൾ വാങ്ങാൻ പാടുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം.

എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളേയും അറിയിക്കേണ്ടതാണ്.

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാമുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർക്കും.
പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനവകുപ്പ്.
സെക്രട്ടറി, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
എല്ലാ ജില്ലാകളക്ടർമാർ (ആസൂത്രണസമിതി സെക്രട്ടറി)ക്കും.
ഡയറക്ടർ, കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ.
സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:
1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ഗ്രാമവികസനവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4. സംസ്ഥാന ആസൂത്രണബോർഡ് ... പസ് ചെയർമാൻ.
5. ചീഫ് സെക്രട്ടറിയുടെ അഡീഷണ... സെക്രട്ടറി.
6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾ.
7. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

True Copy
Section Officer